അദ്ദേഹം ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി അത് പരിശോധിച്ചിട്ട് രണ്ടാഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കണമെന്ന് ആവശ്യപ്പെട്ടു. 1-7-1986-ൽ ആണ് അദ്ദേഹത്തിന്റെ അപേക്ഷ കിട്ടുന്നത്. അത് വളരെ സൂക്ഷ്മതയോടുകൂടി പരിശോധിച്ച് 23-7-1986-ൽ ഇത് സംബന്ധിച്ച തീരുമാനമെടുത്തു. കാരണം, ഹൈക്കോടതി - രണ്ടാഴ്ചയ്ക്കുള്ളിൽ കൊടുക്കണമെന്ന് പറഞ്ഞ് ഡയറക്ഷൻ തന്നു. അദ്ദേഹത്തെ തിരിച്ചെടുക്കാൻ സഹായകമായ ഒന്നും പരിശോധനയിൽ കാണാതിരുന്നതുകൊണ്ട് മുൻതീരുമാനം ഭേദഗതി ചെയ്യേണ്ടതില്ല എന്ന് തീരുമാനിച്ചിരിക്കുകയാണ്.

(20) മാക്ഡവൽ കമ്പനിയിലെ കാൻറീൻ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എ. വി. താമരാക്ഷൻ: സർ, 8 മണിക്കൂർ ജോലിക്കുവേണ്ടി തൊഴിലാളികൾ നടത്തിയ ഐതിഹാസിക സമരത്തിന്റെ 100-ാം വാർഷികം ആഘോഷിക്കുന്ന 1980-ൽ കോടിക്കണക്കിന് രൂപ ഉണ്ടാക്കുന്ന ചേർത്തലയിലെ ഒരു സഹകാര്യ കമ്പനിയായ 'മാക്ഡവൽ' കമ്പനിയിലെ കാൻറീനിൽ പണിയെടുക്കുന്ന തൊഴിലാളികൾ 18 മണിക്കൂർ പണിയെടുത്താൽപോലും മിനിമംകൂലി ലഭിക്കുന്നില്ല. അവർ കമ്പനി നിയമിച്ച തൊഴിലാളികളാണ്. ആ തൊഴിലാളികൾ 18 മണിക്കൂർ ജോലിയെടുത്താൽപോലും ഇന്ന് ലഭിക്കുന്നത് 200 രൂപയിൽ താഴെയാണ്. ഷോപ്പ്സ് ആൻറ് എസ്റ്റാബ്ലിഷ്മെൻറ് ആക്റ്റ് പ്രകാരമുള്ള മിനിമം കൂലി ഉറപ്പുവരുത്താനും 8 മണിക്കൂറായി ജോലി നിജപ്പെടുത്താനും ഗവൺമെൻറ് അടിയന്തിരമായ നടപടികൾ സ്വീകരിക്കണം.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): സർ, മാക്ഡവൽ കമ്പനിയിലെ നിലവിലുള്ള അഞ്ച് യൂണിയനുകൾ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളുടെ ഒരു കമ്മറ്റി ഓരോ മൂന്നുമാസം കൂടുംതോറും കൺവീനർമാരെ റൊട്ടേഷൻ ക്രമത്തിൽ തിരഞ്ഞെടുത്ത് കാൻറീൻ പ്രവർത്തനം നടത്തിവരുകയാണ്. ഒരു തൊഴിലാളിക്ക് രണ്ടുരൂപ അൻപതു പൈസവച്ച് സബ്സിഡി കൊടുക്കുകയാണ് കമ്പനി ചെയ്യുന്നത്. അവർക്ക്, ഒരു ശമ്പളസ്കെയിൽ കൊടുക്കുന്നതായാണ് ഗവൺമെൻറിൽ കാണിച്ചിരിക്കുന്നത്. ഏതായാലും മിനിമം വേജസ് നടപ്പിലാക്കുന്നില്ല എന്ന് മുൻപ് പരാതി വന്നിട്ടില്ല. മെമ്പർ ഉന്നയിച്ച നിലയ്ക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെക്കൊണ്ട് പരിശോധിപ്പിച്ച് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

(21) ഗുരുവായൂരിലെ വൈദ്യുതിക്ഷാമം

ശ്രീ. പി. കെ. കെ. ബാവ: സർ, ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഇലക്ട്രിസിറ്റി പ്രശ്നം സങ്കീർണ്ണമായിരിക്കുകയാണ്. വോൾട്ടേജ് കമ്മി ജനങ്ങൾക്ക് ദുസ്സഹമായിരിക്കുകയാണ്. അത് പരിഹരിക്കാൻ അവിടെ അനുവദിച്ച സബ്സ്റ്റേഷൻ ഉടനെ പ്രവർത്തിപ്പിക്കണം. മുനിയൂർക്കുളത്ത് ഉള്ള സെക്ഷൻ ഓഫീസ് മേജർ സെക്ഷനായി ഉയർത്തണം. അവിടെ ഉണ്ടായിരുന്ന ബില്ലിംഗ് യൂണിറ്റ് ഇപ്പോൾ മലപ്പുറം ജില്ലയിലെ എടപ്പാളിലാണ് പ്രവർത്തിക്കുന്നത്. ഈ യൂണിറ്റ് മുനിയൂർക്കുളത്തുതന്നെ പുനഃസ്ഥാപി

LIBRARY ARCHIVES Kerala Legislative Assembly

ക്കണം. ഹരിജൻ ഫിഷറീസ് കോളനികളും ലക്ഷം വീട് കോളനികളും പലതും വൈദ്യുതീകരിച്ചിട്ടില്ല; അത് വൈദ്യുതികരിക്കണം. അകലാട്—ഞണ്ടത്തോട് ലൈനിന്റെ പേപ്പർ വർക്കുകളെല്ലാം പൂർത്തിയായിരിക്കുന്നു, ടെണ്ടർ ചെയ്ത വർക്ക് ഉടൻ ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ഗുരുവായൂരിൽ വൈദ്യുതിവിതരണം നടത്തുന്നത് കുന്നംകുളം 66 കെ.വി. സബ്സ്റ്റേഷനിൽനിന്നാണ്. എന്നാൽ ഈ ഗവൺമെന്റ് ഗുരുവായൂരിൽ ഒരു സബ്സ്റ്റേഷൻ ഉണ്ടാക്കാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനുവേണ്ടുന്ന സ്ഥലം ഗുരുവായൂർ ദേവസ്വത്തിൽനിന്ന് ദീർഘകാല പാട്ട വ്യവസ്ഥയിൽ ബോർഡിന് നൽകാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഈ സ്ഥലം ദേവസ്വത്തിൽനിന്ന് കിട്ടിക്കഴിഞ്ഞാൽ ഉടൻതന്നെ ഇതിന്റെ പണി നടത്തുന്നതായിരിക്കും. ബില്ലിംഗ് യൂണിറ്റ് എല്ലാസ്ഥലത്തും ഉണ്ടാക്കാനൊക്കുകയില്ല. അത് ഒരു ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ പ്രവർത്തിക്കുന്നതാണ്. എല്ലാ സ്ഥലത്തും ബില്ലിംഗ് യൂണിറ്റുണ്ടാക്കാൻ പറ്റില്ല. അതിനൊക്കെ ചില നിയമങ്ങളുണ്ട്. അതനുസരിച്ച് മാത്രമെ ഉണ്ടാക്കാൻ പറ്റൂ.

(22) കുറ്റ്യാടി ജലസേചന പദ്ധതി

ശ്രീ. എ. കെ. പത്മനാഭൻ: ഈ വർഷം നിർമ്മാണം പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്ന കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഡാമിന്റെ സുരക്ഷിതത്വത്തെക്കുറിച്ചുള്ള ആശങ്ക വിദഗ്ദ്ധൻമാർ പ്രകടിപ്പിച്ചതിനെത്തുടർന്ന് റിസർവോയറിൽ സംഭരിക്കാവുന്ന ജലം സംഭരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. രണ്ടുവർഷം മുൻപ് ഡാമിന്റെ ഭിത്തി ഇടിഞ്ഞതാണ്. കേരളത്തിലെ പ്രമുഖ പത്രങ്ങളിലെല്ലാം അതിനെക്കുറിച്ച് വാർത്ത വന്നു. സെൻട്രൽ വാട്ടർ കമ്മീഷന്റെയും പീച്ചി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും വിദഗ്ദ്ധൻമാർ അവിടെ വന്ന് പരിശോധിച്ച് ഡാമിന്റെ സേഫ്റ്റിക്കുവേണ്ടി ഒരു പ്രൊപ്പോസൽ ഗവൺമെന്റിലേക്ക് നിർദ്ദേശിച്ചിട്ടുണ്ട്. ആ പ്രൊപ്പോസൽ അംഗീകരിച്ചുകൊണ്ട് ഡാമിന് സുരക്ഷിതത്വം ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇതൊരു പ്രധാനപ്പെട്ട വിഷയമായതുകൊണ്ട് രണ്ടു മിനിറ്റ് ഇതിനെ പറ്റി പറഞ്ഞുകൊള്ളട്ടെ. കുറ്റ്യാടി ജലസേചനപദ്ധതിയുടെ പ്രവർത്തനം 1962-ൽ ആരംഭിച്ചതാണ്. അത് ഭാഗികമായി 1973-ൽ കമ്മീഷൻ ചെയ്തു. എന്നാൽ ഡ്രെയിനേജ് ഗ്യാലറിയിൽ ചോർച്ച അനുഭവപ്പെടുകയുണ്ടായി. ഗ്രൗട്ടിംഗ് തുടങ്ങിയ നടപടികളും കൈക്കൊണ്ട് ഈ ചോർച്ച ഭാഗികമായി തടയുകയുണ്ടായി: സർ, ഒരു മുൻകരുതൽ എന്നുള്ള നിലയിൽ ഡാമിന്റെ മാക്സിമം വാട്ടർ ലെവലിനു 5 മീറ്റർ താഴെവരെ മാത്രമെ നമുക്ക് വെള്ളം സംഭരിക്കാൻ കഴിയുന്നുള്ളൂ. പണികളും തീർന്നെങ്കിലും മാക്സിമം വാട്ടർ ലെവൽവരെ വെള്ളം നിറുത്തിക്കൊണ്ട് സുലഭമായി വെള്ളം കൊടുക്കാൻ കഴിയുന്നില്ല. ഏതായാലും ഇതു സംബന്ധിച്ച് ഒരു ഡിസൈൻ അക്കാഡമിയുടെ പൂർണ്ണമായ പഠനം ആവശ്യമാണ്. അതിനുവേണ്ടി ന്യൂഡൽഹിയിലെ സുരക്ഷിതത്വ സർവീസ് ഡയറക്ടർ പഠിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly